**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2561** **15-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ സ്വർണ്ണ വായ്പയുടെ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിൽ നിന്നും സ്വർണ്ണത്തിന്റെ ഈടിന്മേൽ കൃഷി ആവശ്യങ്ങൾക്കായി സബ്സിഡിയോടെ നിലവിൽ വായ്പകൾ നൽകുന്നുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള സ്കീമുകളുടെയും സബ്സിഡി നിരക്കുകളുടെയും വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കാർഷിക ആവശ്യങ്ങൾക്കായി കിസാൻ ക്രെഡിറ്റ് കാർഡ് ഹ്രസ്വകാല കാർഷിക വായ്പയായി 7% നിരക്കിൽ ബാങ്കിൽ നിന്നും കർഷകർക്ക് നേരിട്ട് നൽകി വരുന്നു. പ്രാഥിക സഹകരണ സംഘങ്ങൾക്ക് 5.25% നിരക്കിൽ നൽകി വരുന്ന പ്രസ്തുത വായ്പ, സംഘങ്ങൾ 6% നിരക്കിലാണ് കർഷകർക്ക് നൽകുന്നത്. കൂടാതെ പ്രസ്തുത വായ്പ കാലാവധിക്കുള്ളിൽ അടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ 3% പലിശ സബ്സിഡിയും നബാർഡ് വഴി നൽകി വരുന്നു |
| (ബി) | നിലവിൽ സബ്സിഡി വിതരണം മുടങ്ങിയ സാഹചര്യമുണ്ടോ; എന്നു വരെയുള്ള വായ്പകൾക്ക് സബ്സിഡി നൽകിയെന്നും ഇനി എന്നു മുതലുള്ളവയ്ക്ക് നൽകാനുണ്ടെന്നും ഇതിനായി വേണ്ടി വരുന്ന ആകെ തുകയെത്രയെന്നും അറിയിക്കുമോ; സബ്സിഡി നൽകുന്നതിൽ ഇത്രയും കാലതാമസം നേരിടുന്നതിലെ സാഹചര്യം വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര ഗവണമെന്റ് 2022-23 വർഷം മുതലുള്ള സബ്സിഡി വിതരണം ചെയ്യുന്നതിന് പോർട്ടൽ സംവിധാനം കൊണ്ടുവന്ന 2023 ജൂലൈ മുതൽ കാലവധിയ്ക്കുള്ളിൽ വായ്പ ക്ലോസ് ചെയ്യുന്നവർക്ക് മുൻകൂറായി നൽകി വന്നിരുന്ന 3% PRI (Prompt Repayment Incentive) നിർത്തിവെച്ചിരുന്നു. ആധാർ നമ്പർ ഉപയോഗിച്ചാണ് ഓരോ അക്കൗണ്ടും പോർട്ടലിൽ upload ചെയ്യേണ്ടിയിരുന്നത്. ഒരു വായ്പക്കാരൻ ഒന്നിൽ കൂടുതൽ ബാങ്കിൽ നിന്നും KCC ഹ്രസ്വകാല കാർഷിക വായ്പ എടുക്കുകയാണെങ്കിൽ സബ്സിഡി ലഭിക്കാതെ വന്നാലുണ്ടാകുന്ന നഷ്ടം കണക്കാക്കിയാണ് മുൻകൂറായി സബ്സിഡി നൽകിവന്നത് നിർത്തിവച്ചത്.<br><br>2023 ജൂലൈ മുതൽ 2024 ജൂലൈ വരെ നിർത്തിവച്ചിരുന്ന സബ്സിഡി 2024 ജൂലൈ മുതൽ മുൻകൂറായി നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം വരെയുള്ള സബ്സിഡി മാത്രമെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ളൂ. 2022-23 സാമ്പത്തിക വർഷത്തെ സബ്സിഡിയ്ക്കായി 150 കോടി രൂപയും 2023-24 വർഷത്തേക്ക് 90 കോടി രൂപയുമാണ് സബ്സിഡിയ്ക്കായി ആവശ്യമായി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | മുടങ്ങിക്കിടക്കുന്ന സബ്സിഡി വിതരണം ചെയ്യുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ; ഇവ അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 2023 ജൂലൈ മുതൽ മുടങ്ങിക്കിടന്നിരുന്ന സബ്സിഡി ബാങ്കിന്റെ ഭരണ സമിതി തീരുമാന പ്രകാരം 01/10/2024 മുതൽ ബാങ്കിന്റെ suspense account ൽ നിന്ന് നൽകി വരുന്നു. പ്രസ്തുത തുക നിലവിൽ ബാങ്കിന്റെ suspense account ൽ നിന്ന് നൽകുകയും സബ്സിഡി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ബാങ്കിന്റെ അക്കൗണ്ടിലേക്ക് തിരിച്ച് വരവുവെക്കുകയുമാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ